has been done. All these are matters of detail. This is the information that I have got. If this information is not correct and if the Hon'ble Member says it is otherwise then I will certainly look into the question.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Now with regard to (7) if possible I should like to know what was done?

Mr. P. Govinda Menon *(Minister for Food and Education):* I remember to have passed orders on this matter a few days ago. Last week this matter came to me from the Department and I passed orders. Probably when this answer was supplied the matter was pending between the Government and the Department.

NIGHT SOIL DEPOT—SHIFTING OF

101. മിസ്റ്റർ പി. നാരായണമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) കലൂർ മലംഡെപ്പോ എത്രർ പള്ളിമറ്റത്തേക്ക് മാറ്റുവാൻ പോകുന്നതിനെക്കുറിച്ച് പ്രതിഷേധിച്ചു ഈ കഴിഞ്ഞ കന്നിമാസത്തിൽ എത്രർവെച്ചു മിസ്റ്റർ പി. കെ. ഡീവർ, എം. എൽ. സി. യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം പാസ്സാക്കിയ പ്രമേയങ്ങൾ ഗവൺമെണ്ടിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ പ്രമേയങ്ങൾ എന്തെല്ലാമാണ്;

(സി) അവയെക്കുറിച്ച് ഗവൺമെണ്ട് എടുത്ത നടപടികൾ എന്തെല്ലാം?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉണ്ട്.

(ബി) പ്രമേയങ്ങളുടെ പകർപ്പ് മേശപ്പുറത്ത് വെച്ചിരിക്കുന്നു.

(സി) മലംഡെപ്പോ പള്ളിമറ്റത്തേക്ക് മാറ്റാൻ ഗവൺമെണ്ട നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. കലൂർനിന്നും മലംഡെപ്പോ മാറ്റണമെങ്കിൽ അതെപ്പറ്റി അന്വേഷിപ്പാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രമേയത്തിൽപ്പറയുന്ന സംഗതികളെപ്പറ്റി ആ കമ്മിറ്റി അന്വേഷിച്ചു വരുന്നുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: പബ്ലിക്ക് ഹെൽത്ത് ഡയറക്ടരെ ഡിസ്മിസ്സ് ചെയ്ത ആ സ്ഥാനത്ത കൊള്ളാവുന്ന ഒരാളെ വെക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ കമ്മിറ്റിക്ക അതു ആലോചിച്ചു തീരുമാനിക്കുവാൻ അധികാരമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: കലൂർ മലംഡെപ്പോ മാറ്റാനുള്ള കാര്യത്തെക്കുറിച്ചു തീരുമാനം ചെയ്യുവാൻ ആ കമ്മിറ്റിക്കധികാരമുണ്ട്. പബ്ലിക്ക് ഹെൽത്ത് ഡയറക്ടരെ ഡിസ്മിസ്സ് ചെയ്യുവാൻ പറയുവാനോ മറ്റോ ഉള്ള അധികാരം ആ കമ്മിറ്റിക്കില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അതിനെപ്പറ്റി ഗവൺമെണ്ട് എന്താണ് ആലോചിക്കുന്നത്?

റാവുബഹദൂർ ടി. കെ. നായർ: ഈ പ്രശ്നത്തെ സംബന്ധിച്ചു പുതിയതായി ഒരു ആലോചന വേണമെന്നു ഗവൺമെണ്ടിനു തോന്നിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അതിനുള്ള കാരണം പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഇതിനു അടിസ്ഥാനമായിട്ടുള്ള കാരണം കിട്ടാത്തതുകൊണ്ട് പറയാൻ തരമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: കലൂർ മലംഡെപ്പോവിൽ Fowlers Process എന്ന പൈശാചികമായ ഏർപ്പാട് ഇടങ്ങിയതു അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി അല്ലെയല്ല?

റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹം പബ്ലിക്ഹെൽത്ത ഡയറക്ടരായതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായത്തോടുകൂടിതന്നെയായിരിക്കണം. Fowlers Process വേണ്ടവിധത്തിൽ ചെയ്തില്ലെങ്കിൽ അതു പൈശാചികമാകാം. എന്നാൽ വേണ്ടവിധത്തിൽ നടത്തിയാൽ അതു മാനസികമായിരിക്കും.

മിസ്റ്റർ പി. നാരായണമേനോൻ: വേണ്ടപോലെ നടത്തിയാൽ അതു മൈവികമാകുമെന്ന വിശ്വാസമുണ്ടോ? (ചിരി)

റാവുബഹദൂർ ടി. കെ. നായർ: ഇങ്ങിനെയുള്ള കാര്യങ്ങളിൽ മൈവികമായിട്ടൊന്നും നിലനിന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: Fowlers Process നടത്തുന്നതുകൊണ്ട് ആ മഖം ഡെപ്പോവിൽനിന്നു ഈച്ച മുതലായ ക്ഷുദ്രജന്തുക്കൾ വർദ്ധിച്ച് എന്തെല്ലാംവിധത്തിലുള്ള സുഖക്കേടുകളാണുണ്ടാകാവുന്നത് എന്നുള്ളതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിന്റെ അടുത്തുള്ള ആളുകൾക്ക് ഈ കാരണംകൊണ്ട് സുഖക്കേടുകളുണ്ടെന്നു തോന്നുന്നില്ല. ഈ Fowlers Process നടത്തുന്നസമയത്തിൽ വേലക്കാരുടെ പിശകുകൊണ്ട് ഈച്ചകൾ വർദ്ധിച്ചുവെന്നുവരാം. അതുകൊണ്ട് പബ്ലിക്ഹെൽത്തു ഡയറക്ടരെ ഡിസ്മിസ്സ് ചെയ്യുവാനുള്ള കാരണം കാണുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ആ ഭാഗങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് എതെല്ലാം വിധത്തിലുള്ള രോഗങ്ങൾ പിടിപെടുന്നുണ്ടെന്നുള്ളതിന്റെ ഒരു സ്റ്റാറ്റിസ്റ്റിക്സ് ഗവർമ്മെണ്ട് എടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഈവക കാര്യങ്ങൾക്ക് സ്റ്റാറ്റിസ്റ്റിക്സ് എടുക്കേണ്ടതായ ആവശ്യമില്ല. സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് ഇത്ര പൗണ്ട്സു അരി മതിയെന്നു കണക്കാക്കിട്ടില്ല നമ്മൾ ഓരോരുത്തരും ഇന്നു കഴിക്കുന്നത്. നമുക്കു ആവശ്യമുള്ള ഊണുകഴിക്കുകയാണ് ചെയ്യാറുള്ളത്. അതിനു ഒരു സ്റ്റാറ്റിസ്റ്റിക്സ് ഒന്നും ആവശ്യമില്ലല്ലോ. അതുപോലെ ഇതിനും സ്റ്റാറ്റിസ്റ്റിക്സൊന്നും ആവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സ്റ്റാറ്റിസ്റ്റിക്സ് ഇല്ലെന്നറിയാം. ഇത് ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് പല വിധത്തിലുള്ള ക്ഷുദ്രജന്തുക്കൾ വർദ്ധിക്കുന്നതു കാരണം മനുഷ്യർക്കു പലപ്രകാരത്തിലുള്ള സുഖക്കേടുകൾ പിടിപെടാമെന്നുള്ളതിനെപ്പറ്റി ഗവർമ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഈച്ചകളെ വർദ്ധിപ്പിക്കുന്നതു നല്ലതാണെന്ന് ഗവർമ്മെണ്ട് വിചാരിക്കുന്നില്ല. ഈച്ചകളില്ലെങ്കിൽതന്നെയും അവിടത്തെ ദുർഗ്ഗന്ധം ഇല്ലാതാക്കേണ്ടതാണ്. ഇതിനെല്ലാം വേണ്ടിയാണ് ഒരു കമ്മിറ്റിയെ വെച്ചിട്ടുള്ളത്. ആ കമ്മിറ്റിയിൽ എന്റെ മാന്യസ്നേഹിതനും ഒരു മെമ്പറാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വേഗത്തിൽ സമർപ്പിക്കാൻ വേണ്ടതായ നടപടികളെടുക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഈ കാര്യം.....

Mr. President: Order, order. I called next question.

COST OF BUILDING AND SITE FOR MINISTERS' QUARTERS

102. **Mr. P. Mani** *(Kanayannur):* Will Government be pleased to state.—

(*a*) what was the amount paid for acquiring the building and site for the Ministers' quarters;

(*b*) the total amount spent by Government for improvements, etc., in 1120 and 1121 separately for the above buildings?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) Rs. 58,952—10—0.

(*b*) In 1120, for polishing furniture, Rs. 450. An expenditure of Rs. 14,978—14—0 was incurred in 1121, for improvements.

മിസ്റ്റർ പി. മാണി: ഈ കെട്ടിടത്തിൽ ആദ്യമായിട്ട് മിനിസ്റ്റർ താമസം തുടങ്ങിയത് ഏതു കാലത്താണ്?

റാവുസാഹിബ് കെ. അയ്യപ്പൻ: [illegible].

മിസ്റ്റർ പി. മാണി: അൻപത്തിഎണ്ണായിരത്തിൽ ചിലവാനം ഉറപ്പിക ഡെപ്പോസിറ്റ് ചാർജ്ജാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കെ. പോൾ: ഇത് ഒരു കെട്ടിടത്തിനാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇത് 8 പേരുടേയും ക്വാർട്ടേഴ്സിനാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അല്ല മന്ത്രിമാർക്ക്.

LIBRARY ARCHIVES Kerala Legislative Assembly